# ‘പ്രത്യാശയുടെ കെടാവിളക്കുകൾ’

1 പത്രോസ് 3:14–15

‘‘എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ. നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ.’’

കർത്താവായ യേശുക്രിസ്തു എനിക്കുവേണ്ടി ഈ ലോകത്തിൽ കടന്നുവന്ന് എന്റെ പാപങ്ങൾക്കു വേണ്ടി കാൽവറിയിൽ ക്രൂശിൽ യാഗമായി, ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിൽ കരേറി പിതാവിന്റെ വലത്തുഭാഗത്ത് എനിക്കുവേണ്ടി മധ്യസ്ഥത ചെയ്തുകൊണ്ടിരിക്കുന്നു. അവൻ വീണ്ടും വന്ന് എന്നെ ചേർത്തുകൊള്ളും. ഈ പ്രത്യാശ നമുക്കുണ്ടോ? ഇതാണു നമ്മുടെ യഥാർത്ഥ പ്രത്യാശ എങ്കിൽ ഇന്നു നമ്മിൽ എത്ര പേർ ആ പ്രത്യാശ മറ്റുള്ളവരിലേക്ക് പകർന്നു നൽകുന്നുണ്ട്.

മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് നമ്മെ നയിച്ച ക്രിസ്തുവിന്റെ മഹത്തരമായ രക്ഷാ പദ്ധതിയുടെ കെടാവിളക്കുകളായി ഇന്ന് നമ്മിൽ എത്രപേർക്ക് നിൽക്കാൻ കഴിയുന്നുണ്ട്.

ഇന്നത്തെ ആധുനിക ലോകത്തിൽ മനുഷ്യർ തങ്ങളിലുള്ള നന്മകൾ മറച്ചുവച്ച് തിന്മകളെ പ്രചരിപ്പിക്കുന്ന ഒരു രീതിയിലേക്കാണു പോയിക്കൊണ്ടിരിക്കുന്നത്. അത് ഈ ലോകത്തിന്റെ അധിപതിയായ സാത്താന്റെ തന്ത്രമാണെന്ന് തിരിച്ചറിയാൻ ഇന്നു നമ്മിൽ പലർക്കും സാധിക്കുന്നില്ല, കാരണം ഇന്ന് ക്രിസ്തുവിനെ നമ്മുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിക്കുന്നില്ല. അതു മാത്രമല്ല ക്രിസ്തു ആരായിരുന്നു, ആരാകുന്നു, ആരായി കടന്നു വരും എന്നുള്ള സത്യം കൂടി നാം മറന്നുപോകുന്നു.

ഇതിൽ നിന്നെല്ലാം ഒരു മോചനം നേടി നാം ക്രിസ്തു ആഗ്രഹിക്കുന്ന പാതയിലേക്ക് കടന്നു വരണം. നമ്മെ ഈ ലോകത്തിൽ ആക്കിവച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യത്തെ നാം മറന്നു പോകരുത്. അതു തിരിച്ചറിഞ്ഞ് നാം അവനു തക്ക മഹത്വവും സ്തുതിയും കരേറ്റണം.

കുറിവാക്യത്തിലെ രണ്ടാം ഭാഗത്തിലേക്ക് കടന്നുവരുമ്പോൾ നമ്മുടെ വിശ്വാസത്തെയും ക്രിസ്തുവിലുള്ള പ്രത്യാശയേയും ചോദ്യം ചെയ്യുന്ന ഏവനോടും അതിനു തക്ക മറുപടി വളരെ സൗമ്യതയോടും ഭയഭക്തിയോടും പറയുവാനായിട്ട് ആഹ്വാനം ചെയ്യുന്നു. അതിനു നാം വളരെയേറെ ഒരുക്കത്തോടുകൂടി ദിനം പ്രതി ആയിരിക്കണം.

ഇതു സാധിക്കുന്നതോ, ദിനം തോറുമുള്ള ദൈവവചന വായനയിലൂടെയും അതു ധ്യാനിക്കുന്നതിലൂടെയും മാത്രം. ഒരു പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടി ഉന്നതവിജയം ലക്ഷ്യം വച്ച് എപ്രകാരം പാഠങ്ങൾ പഠിക്കുന്നവോ അതുപോലെയായിരിക്കണം നാമും. നമ്മുടെ ജീവിതത്തിൽ ദിനംപ്രതി വേദപുസ്തക വായനയും, വചന ധ്യാനവും ഒരു ശീലമാക്കുകയും അതുമൂലം നാം ആത്മാവിൽ ബലപ്പെട്ട് ശക്തി പ്രാപിക്കുകയും വേണം. എങ്കിലേ ദുഷ്ടന്റെ തന്ത്രങ്ങളോടും, നമ്മെ സംവാദങ്ങളിലേക്കും, വാദപ്രതിവാദങ്ങളിലേക്കും നയിക്കുന്നവരുടെ ചോദ്യങ്ങൾക്കുള്ള മറുപടി നൽകുന്നതിനും കഴിയുകയുള്ളൂ.

സദൃശവാക്യം 15:23 ൽ പറയുന്നു- ''താൻ പറയുന്ന ഉത്തരം ഹേതുവായി മനുഷ്യന്നു സന്തോഷം വരും; തക്കസമയത്തു പറയുന്ന വാക്കു എത്ര മനോഹരം!''

അങ്ങനെയെങ്കിൽ നമ്മുടെ രക്ഷിതാവും കർത്താവുമായ ക്രിസ്തുവിന്റെ വെളിച്ചം പകർന്നു കൊടുക്കാൻ ബാദ്ധ്യസ്ഥരായ നാം, നമ്മുടെ ഓരോ ഉത്തരത്തിലും സന്തോഷം കണ്ടെത്തുന്നവരും തക്കസമയത്ത് മനോഹരമായ വാക്കുകളാൽ മറുപടി പറയുന്നവരും ആയിരിക്കാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :
സങ്കീർത്തനങ്ങൾ 33:18

യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെമേലും തന്റെ ദയെക്കായി പത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു;

ബ്രദർ ബിനു ബേബി ആലപ്പുഴ 02